പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3669 17-12-2015 – ൽ മറുപടിയ്ക്ക്

## താൽക്കാലിക മീൻഷെഡ്ഡുകൾ സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്നതിനുള്ള നടപടികൾ

ചോദ്യം . ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | പൊന്നാനി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡ്ഡുകൾ ഫിഷിംഗ് ഹാർബറിലേക്ക് സ്ഥിരം ഷെഡുകൾ പണിത് മാറ്റുന്ന നടപടികൾ ഏത് ഘട്ട ത്തിലാണെന്ന് വിശദമാക്കുമോ; | എ) | പൊന്നാനി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡുകൾ മാറ്റി ഹാർബറിൽ സ്ഥിരം ഷെഡുകൾ പ ണിത് മാറ്റുന്നതിനായി ഹാർബറിൽ നിലവിലുള്ള ഫിഷ് സ്റ്റോറേജ് ഷെഡ് 18 മുറികളായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തി യ്ക്കായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽ കിയി ട്ടുണ്ട്. പുതിയതായി 60 ഷെഡുകൾ പണിയുന്നതിനുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതിയ്ക്കാ യുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 78 ഷെഡ്ഡുകളുടെ പണി പൂർത്തീകരിക്കു ന്നതോടുകൂടി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻ ഷെഡ്ഡുകൾ ഹാർബറിലെ സ്ഥിരം ഷെഡ്ഡുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കാ വുന്നതാണ്. |
| ബി) | എത്ര ഷെഡുകളാണ് ഇങ്ങനെ മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്; വ്യക്തമാക്കുമോ ; | ബി) | അനധികൃതമായി പ്രവർത്തിച്ചുവരുന്ന 78 ചാപ്പകളാണ് മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്. |
| സി) | പ്രസ്തുത പ്രവർത്തനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ള തെന്നും; ഏതെല്ലാം സ്കീമിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | സി) | നിലവിലെ ഫിഷ് സ്റ്റോറേജ് ഷെഡ് പാർട്ടീഷൻ ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന തലവരിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽ കിയിട്ടുണ്ട്. കൂടാതെ 60 മുറികൾ പണിയുന്നതിനായി ഫിഷറീസ് വകുപ്പിൽ നിന്നും 313 ലക്ഷം രൂപയുടെ ഭരണാനുമതി 2405-00-103-80(P) (Basic infrastructure facilities and Human Development of fisher folk) നൽകിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ

✓